ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ എല്ലാ രേഖകളും സഹിതം യഥാസമയം പി.എഫ്. ക്ലോഷർ അപേക്ഷ നൽകിയിട്ടുള്ളവരിൽ 30-4-2001 വരെ സർവ്വീസിൽനിന്ന് വിരമിച്ചിട്ടുള്ളവർക്ക് പി.എഫ്. തുകകൾ നൽകിയിട്ടുണ്ട്.

(സി) ഗൂരുതരമായ സാമ്പത്തിക പ്രതിസന്ധിമൂലമാണ് പി.എഫ്. തുക നൽകുന്നതിന് കാലതാമസം നേരിടുന്നത്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പി.എഫ്. ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലെ കാലതാമസം കഴിയുന്നത്ര ഒഴിവാക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർമാരുടെ നിയമനം

121 [1260] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ കണ്ടക്ടർമാരുടെ എത്ര ഒഴിവുകൾ ഉണ്ട്; ഇതിൽ പി.എസ്.സി.-യെ അറിയിച്ച ഒഴിവുകൾ എത്ര; പി.എസ്.സി. അഡ്വൈസ് ലെറ്റർ അയച്ചിട്ടുള്ളവർക്കെല്ലാം നിയമനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) പി.എസ്.സി. റാങ്ക്ലിസ്റ്റ് നിലനിൽക്കേ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ടോ; താൽക്കാലിക നിയമനം ലഭിച്ച എത്ര പേർ ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ ജോലി നോക്കിവരുന്നുണ്ട്;

(സി) ഒഴിവുകളുണ്ടാകുമ്പോൾ നിയമനം നടത്തേണ്ടത് സംബന്ധിച്ച് ഗവൺമെന്റ് പുറപ്പെടുവിച്ച പൊതുവായ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണോ കെ.എസ്. ആർ.ടി.സി.-യിൽ നിയമനം നടക്കുന്നത് എന്നു വെളിപ്പെടുത്താമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ കണ്ടക്ടർമാരുടെ സ്ഥിരം ഒഴിവുകളില്ല. പി.എസ്.സി.-യിൽ റിപ്പോർട്ടു ചെയ്ത 2178 ഒഴിവുകളിലേയ്ക്കും നിയമനം നൽകിയിട്ടുണ്ട്.

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം താൽക്കാലിക നിയമനങ്ങൾ ഒന്നും നടത്തിയിട്ടില്ല. താൽക്കാലിക നിയമനം ലഭിച്ച 6,000 ജീവനക്കാർ കെ. എസ്.ആർ.ടി.സി.-യിൽ ജോലി നോക്കി വരുന്നുണ്ട്.

(സി) ഒഴിവുകളുണ്ടാകുമ്പോൾ, പൊതുവായ വ്യവസ്ഥകൾക്കും അതു സംബന്ധമായി ബഹു. കോടതി ഉത്തരവുകൾക്കും വിധേയമായിട്ടാണ് കെ.എസ്.ആർ.ടി.സി.-യിൽ നിയമനം നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly